**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1879** **02-02-2024 - ൽ മറുപടിയ്ക്ക്**

**മിൽമയുടെ വികസനത്തിനും ആധുനികവൽക്കരണത്തിനും പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മിൽമയുടെ വികസനത്തിനും ആധുനികീകരണത്തിനും ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ) | കോഴിക്കോട് മിൽമയുടെ മലിനീകരണ പ്ലാന്റിന്റെ സമഗ്ര വികസനത്തിനായി 5 ഏക്കറോളം സ്ഥലം മിൽമ ഏറ്റെടുത്തിട്ടുണ്ട്. മലിനീകരണ പ്ലാന്റിന്റെ വികസന പദ്ധതികൾ ഉടനെ തന്നെ തുടങ്ങുന്നതാണ്.<br><br>കോഴിക്കോട് മിൽമയുടെ പ്ലാന്റിന്റെയും ഐസ്ക്രീം നിർമ്മാണ ശാലയുടെയും സംസ്കരണ ശേഷി ഉയർത്തുന്നതിനായുള്ള പദ്ധതികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കോഴിക്കോട് മിൽമയുടെ കീഴിലുള്ള തിരുവണ്ണൂർ എന്ന സ്ഥലത്ത് മിൽമയുടെ എല്ലാ ഉല്പന്നങ്ങളും ലഭ്യമാകുന്ന രീതിയിലുള്ള ഒരു ആധുനിക സംവിധാനങ്ങളോടു കൂടിയ വില്പനശാല സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്. വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം പരമാവധി മലബാർ മേഖലാ യൂണിയനിൽ കൊണ്ടു വരുന്നതിന്റെ ഭാഗമായുള്ള അടിസ്ഥാന സൗകര്യങ്ങൾ കോഴിക്കോട് മിൽമയിൽ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു.<br><br>കേന്ദ്ര സംസ്ഥാന സർക്കാർ സഹായത്തോടെ കോഴിക്കോട് മിൽമയിൽ നടപ്പിലാക്കിയ പദ്ധതിയായ ചോക്കോബാർ ഉണ്ടാക്കുന്ന യന്ത്ര സാമഗ്രികൾ ഇപ്പോൾ പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ